"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം (ഹരിത മിത്രം) പദ്ധതിയുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ചെലവ്, സെൻട്രൽ കൺട്രോൾ റൂമിന്റെ പ്രവർത്തന ചെലവ് എന്നിവയ്ക്കായി ശുചിത്വ മിഷന്റെ പ്ലാൻ പദ്ധതിയിലെ ശുചിത്വ കേരളം (റൂറൽ), ശുചിത്വകേരളം (അർബൻ) എന്നീ ഘടകങ്ങളിൽ നിന്നും കെൽട്രോണിന് തുക അനുവദിച്ച് നൽകുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.670/2022/LSGD** തീയതി,തിരുവനന്തപുരം, **19-03-2022**

---

പരാമർശം:-
1. 21.10.2020 - ലെ G.O.(Rt) No.1967/2020/LSGD നമ്പർ ഉത്തരവ്.
2. 28/6/21 ലെ സ.ഉ (സാധാ)1220/2021/തസ്വഭവ നമ്പർ ഉത്തരവ്.
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.12.2021-ലെ 2894/D1/2020/SM നമ്പർ കത്ത്.

**ഉത്തരവ്**

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം (ഹരിത മിത്രം) പദ്ധതിയുടെ ഭാഗമായി സോഫ്റ്റ് വെയർ സെൻട്രൽ കൺട്രോൾ റൂം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പദ്ധതിയുടെ ഭാഗമായുള്ള സാങ്കേതിക സമിതി അംഗീകാരം നൽകിയിട്ടുള്ള തുകയായ Rs.1,71,36,000/- രൂപ ശുചിത്വ മിഷന്റെ പ്ലാൻ പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വകേരളം (അർബൻ) എന്നിവയിലെ ഐ.ഇ.സി. ഘടകങ്ങളിൽ നിന്നും 50:50 അനുപാതത്തിൽ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ശുചിത്വ മിഷനും കെൽട്രോണും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ഒറ്റത്തവണ സോഫ്റ്റ്‌വെയർ ചെലവ് 1,47,50,000/- രൂപയും സെൻട്രൽ കൺട്രോൾ റൂമിന്റെ പ്രവർത്തന ചെലവ് 22,42,000/- രൂപയുമാണ് (പ്രളയ സെസ് ബാധകമല്ല) എന്നും പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോൺ SRS (സോഫ്റ്റ്‌വെയർ ആവശ്യകത സ്പെസിഫിക്കേഷൻ) സമർപ്പിച്ചിട്ടുണ്ടെന്നും കരാർ പ്രകാരം ആയത് സമർപ്പിക്കുന്ന മുറയ്ക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 30 ശതമാനം തുകയായ 44,25,000/- രൂപ (ഫ്ലഡ് സെസ്

ബാധകമല്ല) ആദ്യ ഭാഗിക പേമെന്റായി കെൽട്രോണിന് നൽകേണ്ടതുണ്ടെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം (ഹരിത മിത്രം) പദ്ധതിയുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ ചെലവ് സെൻട്രൽ കൺട്രോൾ റൂമിന്റെ പ്രവർത്തന ചെലവ് എന്നിവയ്ക്കായി ശുചിത്വ മിഷന്റെ പ്ലാൻ പദ്ധതിയിലെ ശുചിത്വ കേരളം (റൂറൽ), ശുചിത്വകേരളം (അർബൻ) എന്നീ ഘടകങ്ങളിൽ നിന്നും നൽകേണ്ട 1,71,36,000/- രൂപയിൽ, ആദ്യ ഭാഗിക പേമെന്റായി പദ്ധതിച്ചെലവിന്റെ 30 ശതമാനം തുകയായ 44,25,000/- രൂപ (നാല്പത്തി നാല് ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ മാത്രം - ഫ്ളഡ് സെസ് ബാധകമല്ല) കരാർ പ്രകാരം കെൽട്രോണിന് അനുവദിച്ച് നൽകുന്നതിനും ബാക്കി തുക കരാർ വ്യവസ്ഥകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കെൽട്രോണിന് അനുവദിച്ചു നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത്ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെൽട്രോൺ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Barikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്